**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3436 12/05/2017-ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ കുടുംബാംഗങ്ങളായ യുവതികളുടെ വിവാഹ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ കുടുംബാംഗങ്ങളായ യുവതികളുടെ വിവാഹം നടത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം മാതാപിതാക്കൾ മരണപ്പെട്ട യുവതികൾക്കും, ജോലി ചെയ്യാൻ പറ്റാത്ത വിധം അംഗവൈകല്യം സംഭവിച്ചതും, നിത്യരോഗികളുമായ മാതാപിതാക്കളുടെ മക്കൾക്ക് ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളതുമായ അർഹരായ പട്ടികവർഗ്ഗ യുവതികൾക്ക് മുൻഗണന നൽകി സ.ഉ(കൈ)നം.148/12/പജപവവിവ. ഉത്തരവു പ്രകാരം 50,000/-രൂപ അനുവദിച്ചു നൽകി വരുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ സഹിതം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br>പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 50,000/-രൂപ ധനസഹായമായി നൽകിവരുന്നു. 22.03.2017 ലെ സ.ഉ(കൈ)നം. 21/17/പജപവവിവ നമ്പർ ഉത്തരവിൻ പ്രകാരം 75,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി 50,000/-രൂപയാണ്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ചിട്ടുള്ളതിന്റെ രേഖ എന്നിവ സഹിതം നിശ്ചിത അപേക്ഷ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്. വിവാഹ ശേഷം അപേക്ഷ നൽകുകയാണെങ്കിൽ വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി നൽകേണ്ടതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലെ അപേക്ഷകർക്കുള്ള വരുമാന പരിധി എത്രയാണ്; ഈ വരുമാന പരിധി എന്ന് നിശ്ചയിച്ചതാണ്; പ്രസ്തുത പരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിലെ അപേക്ഷകർക്കുള്ള വരുമാന പരിധി 1,00,000/-രൂപയാണ് സ.ഉ(കൈ)നം.54/16/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 20/07/2016 ലാണ് ഉത്തരവായത്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ വരുമാന പരിധി 01.04.2012 മുതൽ 50,000/-രൂപയാണ്. |
| (സി) | എത്ര രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്; പ്രസ്തുത തുക എന്നു മുതലാണ് നൽകി വരുന്നത്; തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ തുക ഇപ്പോൾ 50,000/-രൂപയാണ്. സ.ഉ(കൈ)നം.148/12/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 07/12/2012 മുതൽ മുൻകാല പ്രാബല്യം നൽകി 01/04/2012 മുതലാണ് ടി തുക നൽകി വരുന്നത്. വിവാഹ ധനസഹായ തുക 1,00,000/-രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം 01.04.2012 മുതൽ 50,000/-രൂപയാണ് നൽകി വരുന്നത്. 22.03.2017 ലെ സ.ഉ(കൈ)നം.21/17/പജപവവിവ നമ്പർ ഉത്തരവിൻ പ്രകാരം 75,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | മിശ്രവിവാഹം ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രസ്തുത ധനസഹായം ലഭിക്കാറുണ്ടോ; ഇത്തരത്തിൽപ്പെടുന്നവർക്കായി പ്രത്യേക പദ്ധതിയാണോ ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | മിശ്ര വിവാഹം ചെയ്യുന്ന പട്ടികവർഗ്ഗ യുവതികൾക്ക് സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ടെങ്കിൽ പ്രസ്തുത ധനസഹായം അനുവദിക്കാറുണ്ട്. ഇത്തരത്തിൽപ്പെടുന്നവർക്ക് പ്രത്യേക പദ്ധതി നിലവിലില്ല.<br><br>പട്ടികജാതിയിൽപ്പെടുന്ന മിശ്ര വിവാഹ ദമ്പതികൾക്ക് 50,000/-രൂപയാണ് ധനസഹായമായി നൽകിയിരുന്നത്. സ.ഉ (കൈ)നം. 20/2017/പജപവവിവ, തിരുവനന്തപുരം തീയതി 22.03.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം 75,000/-രൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മിശ്ര വിവാഹിതർക്ക് ആനുകൂല്യം അനുവദിക്കുന്നത് ഒരു പ്രത്യേക പദ്ധതിയാണ്. മിശ്ര വിവാഹ ധനസഹായം ലഭിക്കുന്നതിന് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും 3 |

| | | | |
|---|---|---|---|
| | | | വർഷത്തിനു മുൻപും അപേക്ഷ നൽകേണ്ടതാണ്. ജാതി, വരുമാനം, ദമ്പതികൾ ഒരുമിച്ചു താമസിക്കുന്നു എന്നുള്ള സർട്ടിഫിക്കറ്റ് നിശ്ചിത അപേക്ഷയും കൂടി ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്കു നൽകേണ്ടതാണ്. വരുമാന പരിധി 1 ലക്ഷം രൂപ വരെയുള്ളവർക്ക് ധനസഹായം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**